പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 7808 15.07.2014-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യിലെ പ്രതിസന്ധി

ചോദ്യം

ശ്രീ. രാജു എബ്രഹാം :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | എന്തുകൊണ്ടാണ് കെ.എസ്.ആർ. ടി.സി യിൽ ശമ്പളവും, പെൻഷനും വിതരണം ചെയ്യുന്നതിൽ പ്രതിസന്ധി ഉണ്ടാകുന്നതെന്ന് വിശദമാക്കാമോ; | (എ) | കോർപ്പറേഷന്റെ പ്രതിമാസ ശരാശരി വരുമാനം 150 കോടി രൂപയും ചെലവ് 230 കോടി രൂപയുമാണ്. പ്രതിമാസ ശമ്പള വിതരണത്തിനായി 62 കോടി രൂപയും പെൻഷൻ വിതരണത്തിനായി 37 കോടി രൂപയും ആവശ്യമാണ്. ഇതിന് പുറമെ ഡീസൽ, വായ്പാ തിരിച്ചടവ്, MACT അവാർഡ്, സ്പെയർ പാർട്സ്, ബഹു. ഹൈക്കോടതി ഉത്തരവിൻ പ്രകാരമുള്ള TSB അക്കൗണ്ടിലെ നിക്ഷേപം, ഇൻഷുറൻസ് പുതുക്കൽ മുതലായ ചെലവുകൾക്കായി പ്രതിമാസം ശരാശരി 145 കോടി രൂപ ആവശ്യമാണ്. ഡീസൽ ചെലവിനത്തിലും വായ്പാ തിരിച്ചടവിനത്തിലും മാത്രമായി പ്രതിമാസം 119 കോടി രൂപ ആവശ്യമാണ്. ടി ആവശ്യ ചെലവുകൾക്ക് തുക വിനിയോഗിച്ച് കഴിഞ്ഞാൽ, പെൻഷൻ വിതരണത്തിനും ശമ്പള വിതരണത്തിനും തുക കണ്ടെത്താൻ കഴിയാത്ത സ്ഥിതിയാണുള്ളത്. |
| (ബി) | കുടുംബപെൻഷൻ ഉൾപ്പെടെ എത്ര പേർക്കാണ് പ്രതിമാസപെൻഷൻ അനുവദിക്കേണ്ടത്; ഇപ്പോൾ എത്ര ശതമാനം ക്ഷാമബത്തയാണ് പെൻഷൻകാർക്ക് നൽകുന്നത്; | (ബി) | മെയ് 2014-ൽ നൽകിയതനുസരിച്ച് കെ.എസ്.ആർ.ടി.സി.യിൽ 36,762 പെൻഷൻകാർ നിലവിലുണ്ട്.<br>എക്സ്ഗ്രേഷ്യാ - 1,011 |

| | | | |
|---|---|---|---|
| | | | ഫാമിലി - 9,773<br>സർവ്വീസ് - 25,978<br>നിലവിൽ ക്ഷാമബത്ത 31% ആണ്. |
| (സി) | കെ.എസ്.ആർ.ടി.സി.യുടെ ശരാശരി പ്രതിമാസ വരുമാനം എത്ര രൂപയാണ്; ശമ്പളയിനത്തിൽ ചെലവഴിക്കേണ്ടത് എത്ര രൂപയാണ്; ഓരോ മാസവും ലഭിക്കുന്ന വരുമാനം ചെലവഴിക്കപ്പെടുന്നത് ഏതൊക്കെ ഇനങ്ങളിലായാണ് എന്ന് വ്യക്തമാക്കാമോ; | (സി) | കോർപ്പറേഷന്റെ പ്രതിമാസ ശരാശരി വരുമാനം 150 കോടി രൂപയാണ്. ശമ്പള വിതരണത്തിനായി പ്രതിമാസം 62 കോടി രൂപ ആവശ്യമുണ്ട്. ഓരോ മാസവും ലഭിക്കുന്ന വരുമാനത്തിന്റെ സിംഹഭാഗവും ഡീസൽ, വായ്പാ തിരിച്ചടവ്, MACT അവാർഡ്, സ്പെയർപാട്സ്, ബഹു. ഹൈക്കോടതി ഉത്തരവിൻ പ്രകാരമുള്ള TSB അക്കൗണ്ടിലെ നിക്ഷേപം, ഇൻഷുറൻസ് പുതുക്കൽ, ബസ്സുകളുടെ നികുതി ഒടുക്കൽ മുതലായ ചെലവുകൾക്കായാണ് വിനിയോഗിക്കുന്നത്. ഡീസൽ ചെലവിനത്തിലും വായ്പാ തിരിച്ചടവിനത്തിലും മാത്രമായി പ്രതിമാസം 119 കോടി രൂപ ആവശ്യമാണ്. ടി ആവശ്യ ചെലവുകൾക്ക് തുക വിനിയോഗിച്ച് കഴിഞ്ഞാൽ, പെൻഷൻ വിതരണത്തിനും ശമ്പള വിതരണത്തിനും തുക കണ്ടെത്താൻ കഴിയാത്ത സ്ഥിതിയാണുള്ളത്. |
| (ഡി) | കെ.എസ്.ആർ.ടി.സി.യിൽ മാത്രം മറ്റെല്ലാ ചെലവിനങ്ങൾക്കും വകമാറ്റിയശേഷം മാത്രം മതി പെൻഷനും, ശമ്പളവും എന്ന് തീരുമാനിക്കുന്നത് എന്തുകൊണ്ട് എന്നു വ്യക്തമാക്കാമോ; | (ഡി) | മറ്റെല്ലാ ചെലവുകൾക്കും തുക വകമാറ്റിയതിന് ശേഷം ശമ്പളം, പെൻഷൻ വിതരണം ചെയ്താൽ മതി എന്ന നയം കോർപ്പറേഷൻ സ്വീകരിച്ചിട്ടില്ല. നിലവിലെ വരുമാനത്തിൽ നിന്നും ദൈനംദിന ചെലവുകൾക്ക് ശേഷം (ഡീസൽ, വായ്പാ തിരിച്ചടവ് തുക, ബഹു. ഹൈക്കോടതി ഉത്തരവിൻ പ്രകാരമുള്ള TSB അക്കൗണ്ടിലെ നിക്ഷേപം തുടങ്ങിയവ) ശമ്പളവും, പെൻഷനും നൽകാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. എങ്കിൽ തന്നെയും സർക്കാരിൽ നിന്ന് സാദ്ധ്യമായ ധനസഹായം നൽകിയും |

| | | | |
|---|---|---|---|
| | | | കെ.റ്റി.ഡി.എഫ്.സി.യിൽ നിന്ന് വായ്പ ലഭ്യമാക്കിയും ശമ്പളം കൃത്യമായി വിതരണം ചെയ്യുന്നുണ്ട്. |
| (ഇ) | ഈ നിലപാട് തിരുത്തി കെ.എസ്. ആർ.ടി.സി ജീവനക്കാർക്ക് ശമ്പളം തടസ്സം കൂടാതെ നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (ഇ) | കോർപ്പറേഷൻ നിലവിൽ നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനായി ഒരു പുനരുദ്ധാരണ പാക്കേജിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പാക്കേജിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്ന മുറയ്ക്ക് കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകുകയും തദ്ദാര വരുമാനം വർദ്ധിച്ച് കോർപ്പറേഷന് സ്വന്തം നിലക്കുതന്നെ ശമ്പളം വിതരണം ചെയ്യാൻ സാധിക്കുകയും ചെയ്യുമെന്ന് പ്രതീക്ഷയുണ്ട്. |

സെക്ഷൻ ഓഫീസർ